(എ) കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) കോഴിക്കോട് ഗസ്റ്റ്ഹൗസ് പരിസരത്ത് ഒരു യാത്രിനിവാസ് പണിയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനാൽ ഗസ്റ്റ്ഹൗസ് വലുതാക്കി പണിയുവാൻ തൽക്കാലം പരിപാടിയില്ല.

160 (2475) **കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള യൂണിറ്റുകൾ**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സംസ്ഥാനത്തെ ഏതെങ്കിലും യൂണിറ്റുകൾ അടച്ചുപൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ യൂണിറ്റുകളിൽ അടൂർ ഉൾപ്പെടെ ഏതാനും യൂണിറ്റുകൾ കെ.റ്റി.ഡി.സി നിർദ്ദേശിക്കുന്ന 4 ലക്ഷം രൂപയിൽ കൂടുതൽ ലാഭമുള്ള യൂണിറ്റുകളാണോ; എങ്കിൽ ഇപ്രകാരമുള്ള യൂണിറ്റുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) യൂണിറ്റ് അടച്ചുപൂട്ടുന്നതുമൂലം സംസ്ഥാനത്ത് 500-ൽപ്പരം ജീവനക്കാരുടെ തൊഴിൽ നഷ്ടപ്പെടുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയതിനാൽ ഈ യൂണിറ്റുകൾ അടച്ചു പൂട്ടാതിരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി) കെ.ടി.ഡി.സിയുടെ ബാനറിൽ വാടക കെട്ടിടങ്ങളിൽ, ലാഭകരമല്ലാത്തവിധം നടത്തിക്കൊണ്ടിരിക്കുന്ന ചില യൂണിറ്റുകൾ നിർത്തലാക്കുവാൻ ആലോചനയുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയശേഷമേ ഈ തീരുമാനം നടപ്പിലാക്കുകയുള്ളൂ.

(സി)&(ഡി) ഇതുമൂലം ആർക്കുംതന്നെ തൊഴിൽ നഷ്ടപ്പെടുകയില്ല.

161 (2476) **വഴിയോരവിശ്രമ കേന്ദ്രത്തിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി**

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly